ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇതുവരെ അങ്ങനെ ഓവർടൈം അലവൻസ് ഡിപ്പാർട്ടുമെന്റിന്റെ റെക്കമെന്റേഷനനുസരിച്ചാണ് സ്വീകരിച്ചിരുന്നത്. എന്നാൽ ഇപ്പോൾ അക്കൗണ്ടന്റ് ജനറൽ ഓരോ ഓവർടൈം അലവൻസിന്റെയും സകല ഡീറ്റെയിൽസും കാണിക്കണമെന്നു കാണിച്ച് എഴുതി അയച്ചതനുസരിച്ചു ഫിഗേഴ്സ് കളക്റ്റ്ചെയ്ത് അയച്ചിരിക്കുന്നു. ഇനി താമസമുണ്ടാവുകയില്ല.

MOVEMENT OF PADDY

*684. [24] **Sri. E. P. Poulose:** Will the Hon'ble Minister for Education Labour and Civil Supplies be pleased to state.—

(*a*) whether Government have made any rules to control the movement of paddy from one place to another within one taluk;

(*b*) whether rules have been made to control the movement of foodgrains by local officers in any or all the taluks; and

(*c*) if so in what manner these rules have been published?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) & (*b*) Government have made rules to control the movement of paddy from one place to another within a taluk.

(*c*) These rules are published in the Government Gazette.

ശ്രീ. ഇ. പി. പൗലോസ്: ഒരു പ്രകൃതിയിൽനിന്നു മറൊരു പ്രകൃതിയിലേക്കു കൊണ്ടുപോകുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും റൂളുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെ സംബന്ധിച്ചു റൂളിൽ പ്രൊവിഷനുണ്ട്.

ശ്രീ. ഇ. പി. പൗലോസ്: അതിൽ ഒരുത്തിയിൽനിന്നും മറൊരുത്തിയിലേക്കു കൊണ്ടുപോകുന്നതിനു പ്രൊവിഷനുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉവ്വ്.

ശ്രീ. ഇ. പി. പൗലോസ്: ഏതെങ്കിലും ഒരു തഹശീൽദാക്ക് അതു നിയന്ത്രിക്കുവാൻ അധികാരമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിയന്ത്രിക്കുവാൻ അധികാരമില്ല. റൂളുണ്ടാക്കുവാനുള്ള അധികാരമുണ്ട്.

ശ്രീ. ഇ. പി. പൗലോസ്: നിയന്ത്രിക്കുകയെന്നുവെച്ചാൽ എന്താണ്; ചട്ടങ്ങളുണ്ടാക്കുകയാണോ; ആ ചട്ടങ്ങളും എന്താണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചട്ടങ്ങളുണ്ടാക്കുകയാണ്. ചട്ടങ്ങളും എന്താണെന്നു പറയുവാൻ നോട്ടീസുവേണം.

RYOTS ROADS

*685. [25] **Sri. E. P. Poulose:** Will the Hon'ble Minister for Public Works and Communications be pleased to state.—

(*a*) whether the preliminary investigation in pursuance of the five year plan for improvment of ryots roads been completed; and

(*b*) if not, what progress has been made in such investigation?

Minister for Public Works, Communications and Agriculture **(Sri. E. John Philipose):** The question has already been answered.

ശ്രീ. ഇ. പി. പൗലോസ്: ഇതനുസരിച്ച് വില്ലേജു റോഡുകളും ഇതെല്ലാം എന്തെങ്കിലും ചെയ്തു തീർക്കുവാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇതിലേക്ക് ഒരു ഫണ്ടുണ്ടായിരിക്കണമെന്നും, സ്പെസിഫിക്കായിട്ട് ഒരു പ്ലാൻ വേണമെന്നുമാണ് ഈ വിഭാഗത്തിലുള്ള ഡവലപ്പ്മെൻറിനെ സംബന്ധിച്ചിടത്തോളം ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൻറെ പണി ഈയാണ്ടിൽതന്നെ തുടങ്ങുന്നതാണ്.

ശ്രീ. ഇ. പി. പൗലോസ്: ഈ പദ്ധതി പ്രായോഗികമാണെന്നു തന്നെ സർക്കാർ വിചാരിക്കുന്നുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിനെപ്പറ്റി ഒരു അവസാനതീരുമാനം സർക്കാർ ചെയ്തിട്ടില്ലെങ്കിലും മിക്കവാറും പ്രായോഗികമായിരിക്കുമെന്നാണ് സർക്കാരിൻറെ വിശ്വാസം.

ശ്രീ. വി. കെ. ജോസഫ്: പിന്നത്തെ ചോദ്യം ചോദിക്കുന്നില്ല.

ജലസേചനപദ്ധതി

*൩൫൩. (൨൭) ശ്രീ. വി. കെ. ജോസഫ്: താഴെ കൊടുക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചാലക്കുടി നദീജലസേചനപദ്ധതിപ്രകാരമുള്ള പ്രധാനതോട്ടുകളുടെ സർവ്വെ പൂർത്തിയായിക്കഴിഞ്ഞുവോ;

(ബി) ഇല്ലെങ്കിൽ അതു് എന്നത്തേക്ക് തീരും;

(സി) എത്ര മൈൽ നീളത്തിൽ ഇപ്പോൾ മെയിൻ തോട് പണികഴിഞ്ഞു;

(ഡി) പ്രധാനതോടിൻറെ പണി കഴിഞ്ഞിട്ടുള്ള സ്ഥലത്തു കൈത്തോടുകൾകൂടി ഒപ്പം പണി കഴിക്കുന്നുണ്ടോ?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) സർവ്വെ പൂർത്തിയായിട്ടുണ്ട്.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) പത്തു മൈൽ വലത്തെ മെയിൻ കനാലും മൂന്നര മൈൽ ഇടത്തെ കനാലും പണികഴിച്ചു പൂർത്തിയാക്കാറായി.

(ഡി) മുന്നു കൈത്തോടുകൾ മാത്രം ചെയ്യുകഴിഞ്ഞു.

ശ്രീ. വി. കെ. ജോസഫ്: ചാലക്കുടി ജലസേചനപദ്ധതിപ്രകാരമുള്ള തോടുകളുടെ പണി ആരംഭിച്ചുകഴിഞ്ഞുവോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ചാലക്കുടി ഡൈവർഷൻ സംബന്ധിച്ചു ജോലി തുടങ്ങിയിട്ടുണ്ട്.

ശ്രീ. വി. കെ. ജോസഫ്: ഇപ്പോൾ മുന്നുനാലു മാസങ്ങളായി ആ ജോലി ശരിക്കു നടക്കുന്നില്ലെന്നുള്ളതു സർക്കാരിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: പെട്ടിട്ടില്ല. ജോലി നടന്നുകൊണ്ടിരിക്കുന്നതായിട്ടാണ് സർക്കാരിൻറെ അറിവ്.

ശ്രീ. വി. കെ. ജോസഫ്: അതിനെപ്പറ്റി അന്വേഷിക്കാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അന്വേഷിക്കാം.

കരിഞ്ചന്ത

*൩൫൪. (൨൮) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കരിഞ്ചന്ത തടയുന്നതിനു സർക്കാർ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly